DESPATCHED On... 27/06/2020

18.3.20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2305*(2)/2015*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **16181** /*എസ്.ഐ.സി-ജി 6/15*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.എൻ.രവീന്ദ്രൻ,
S/o നാണു,
റിട്ട.ടീച്ചർ, "രഞ്ജിനി",
ഒളവറ, ഉടുമ്പന്തല പി.ഒ.,
കാസറഗോഡ് – 671 311. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ജോയിന്റ് രജിസ്ട്രാർ,
കണ്ണൂർ യൂണിവേഴ്സിറ്റി, സിവിൽ സ്റ്റേഷൻ,
കണ്ണൂർ – 670 002.

2. അപ്പീൽ അധികാരി&
രജിസ്ട്രാർ,
കണ്ണൂർ യൂണിവേഴ്സിറ്റി, സിവിൽ സ്റ്റേഷൻ,
കണ്ണൂർ – 670 002.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 23.07.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 05.08.2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 14.09.2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 07.10.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 10.10.2015 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 15.10.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 12.11.2019 വീഡിയോ കോൺഫറൻസ് ഹാൾ, കണ്ണൂർ.. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. എൻ.രവീന്ദ്രൻ, 10.10.2015ന് സമർപ്പിച്ച അപ്പീൽ ഹർജി 15.10.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2305(2)/15/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ 23.07.2015ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷ 27.07.2015ന് കൈപ്പറ്റിയിട്ടും 05.08.2015നാണ് മൂന്നാം കക്ഷിയ്ക്ക് കത്തയച്ചതെന്നും 30 ദിവസത്തിനകം രേഖകൾ ലഭ്യമാക്കിയില്ലെന്നും തുടർന്ന് സമർപ്പിച്ച അപ്പീലിന് നൽകിയ മറുപടിയിൽ പ്രേഷിതൻ രജിസ്റ്റാർ എന്ന് രേഖപ്പെടുത്തിയിട്ട് ഒപ്പിട്ടിരിക്കുന്നത് ജോയിന്റ് രജിസ്ട്രാറാണെന്നും 27.07.2015ന് കൈപ്പറ്റിയ അപേക്ഷയ്ക്ക് ഫീസൊടുക്കാൻ ആവശ്യപ്പെട്ട് കത്തു നൽകിയത് 12.09.2015നാണെന്നും ആകയാൽ ടിയാന്റെ അപ്പീൽ അനുവദിച്ച് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും വീഴ്ച വരുത്തിയ ഒന്നാം എതിർകക്ഷിയ്ക്കെതിരെ മാതൃകാപരമായ ശിക്ഷാ നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 23.07.2015ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കണ്ണൂർ യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ തൃക്കരിപ്പൂരിൽ പ്രവർത്തിക്കുന്ന 'തൃക്കരിപ്പൂർ ആർട്സ് & സയൻസ് കോളേജ്' തങ്ങളുടെ സ്ഥാപനം പ്രവർത്തിപ്പിക്കാൻ നിയമപരമായി സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെയും അനുബന്ധമായി നൽകിയിട്ടുള്ള സമഗ്രരേഖകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, യൂണിവേഴ്സിറ്റി കൊടുത്ത അനുവാദ പത്രത്തിന്റെയും ആയതു സംബന്ധിച്ച വ്യവസ്ഥകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവയാണ്. ആയതിന് 05.08.2015ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷ പ്രകാരം തൃക്കരിപ്പൂർ ആർട്ട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനായി സർവ്വകലാശാലയിൽ സമർപ്പിച്ച അപേക്ഷയുടെയും സർവ്വകലാശാലാ ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുന്നുവെന്നും അപേക്ഷയുടെ അനുബന്ധമായി നൽകിയിട്ടുള്ള രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കുവാൻ മൂന്നാം കക്ഷിയുടെ അനുമതി തേടിക്കൊണ്ടുള്ള കത്തിന്റെ പകർപ്പും ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി

14.09.2015ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 07.10.2015ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിരുന്നുവെന്നും ആയതിൽ മൂന്നാം എതിർകക്ഷിയുടെ അനുമതി തേടിയതിൽ ടി കക്ഷി വിയോജിപ്പ് സർവ്വകലാശാലയെ അറിയിക്കാത്ത സാഹചര്യത്തിൽ തൃക്കരിപ്പൂർ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനായി ടി ഓഫീസിൽ സമർപ്പിച്ച അപേക്ഷയുടെ അനുബന്ധമായി സമർപ്പിച്ച രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കാനായി ടിയാനോട് 248/- രൂപ ഒടുക്കി ചെലാൻ ഹാജരാക്കുവാൻ 10.09.2015ലെ കത്തു പ്രകാരം അറിയിച്ചിരുന്നുവെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ലെന്ന് കമ്മീഷനു ബോധ്യമാകുന്നു. എന്നാൽ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, 23.07.2015ലെ അപേക്ഷയ്ക്ക് ഇടക്കാല മറുപടി നൽകിയിരുന്നുവെന്നും മൂന്നാം കക്ഷി വിവരമായതിനാൽ ടി കക്ഷിയോട് അനുവാദം വാങ്ങേണ്ടിയിരുന്നുവെന്നും കത്തു നൽകിയിട്ട് ടി കക്ഷി മറുപടി നൽകാത്തതിനാൽ ഫീസൊടുക്കി കൈപ്പറ്റാൻ ടിയാനോട് ആവശ്യപ്പെട്ടിരുന്നുവെന്നുമാണ്. ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി ലഭ്യമാക്കിയിട്ടില്ലെന്നു കമ്മീഷൻ വിലയിരുത്തുന്നു. മാത്രമല്ല 30 ദിവസത്തിനു ശേഷമാണ് ഫീസൊടുക്കാൻ ആവശ്യപ്പെട്ട് കത്തു നൽകിയതെന്നും ആയതിനാൽ സൗജന്യമായി ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകേണ്ടതാണെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

5. ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 മാർച്ച് 18-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/